LIBRARY ARCHIVES Kerala Legislative Assembly

കടലാക്രമണം മൂലം വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകാൻ നടപടി

136 (T 4767) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രൂക്ഷമായ കടലാക്രമണത്തിൽപ്പെട്ട് ആമ്പലപ്പുഴ മണ്ഡലത്തിൽ എത്ര വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടു; എത്ര വീടുകൾ ഭാഗികമായി നഷ്ടപ്പെട്ടു; വ്യക്തമാക്കാമോ;

(ബി) ഇവർക്കായി എത്ര വീടുകൾ നിർമ്മിച്ചു നൽകി; വ്യക്തമാക്കാമോ;

(സി) വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകി;

(ഡി) വീട് ഭാഗികമായി നഷ്ടപ്പെട്ടവർക്ക് എത്ര രൂപ നഷ്ടപരിഹാരമായി നൽകി;

(ഇ) വീടുകൾ നഷ്ടപ്പെട്ടവർക്ക് അടിയന്തരമായി വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടലാക്രമണത്തിൽ അമ്പലപ്പുഴ മണ്ഡലത്തിലെ 33 വീടുകൾ പൂർണ്ണമായും 550 വീടുകൾ ഭാഗികമായും നഷ്ട്പ്പെട്ടു.

(ബി) വീടുകൾ നിർമ്മിച്ചു നൽകിയിട്ടില്ല.

(സി) 4,10,000 രൂപ

(ഡി) 12,34,500 രൂപ

(ഇ) വീടുകൾ നിർമ്മിച്ചു നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

പെരുവല്ലൂർ വില്ലേജിലെ മിച്ച ഭൂമി സംബന്ധമായ കേസ്സുകൾ

137(4768) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവല്ലൂർ വില്ലേജിൽ മിച്ച ഭൂമി സംബന്ധമായ ധാരാളം കേസ്സുകൾ നിലവിലുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഈ വില്ലേജിൽ തീർപ്പാക്കാനുണ്ട്;

(സി) ഇത്തരത്തിൽ ഈ വില്ലേജിലെ തന്നെ നേരത്തെ തീർപ്പാക്കിയ കേസ്സുകൾ, നിയമത്തിലെ ഏതു മാനദണ്ഡമനുസരിച്ചാണ് തീർപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ചെറുകിട, നാമമാത്ര കുടിയാന്മാരായ കൈവശക്കാർ ഈ കേസുകളുടെ പേരിൽ നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് ഇവ അടിയന്തിരമായി തീർപ്പാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) .718 എണ്ണം

(സി) കെ.എൽ.ആർ. ആക്ട് സെക്ഷൻ 85(8) പ്രകാരമാണ് തീർപ്പാക്കുന്നത്.

(ഡി) താലൂക്ക്, ലാന്റ് ബോർഡ് മുമ്പാകെയുള്ള കേസുകളിൽ നടപടികൾ പാലിച്ചുകൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിന് തിരൂരങ്ങാടി താലൂക്ക് ലാന്റ് ബോർഡിന്, സെക്രട്ടറി സ്റ്റേറ്റ് ലാന്റ് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

കുടുംബശ്രീ അംഗങ്ങളുടെ മേലുള്ള ജപ്തി ഒഴിവാക്കാൻ നടപടി

138(T.4769) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ എള്ളനാട് വില്ലേജിൽ കാർത്തികദീപം, ഗ്രാമദീപം, പുലരി, അക്ഷയ എന്നീ കുടുംബശ്രീ യൂണിറ്റുകൾക്ക് 2004-ൽ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷിക്ക് 25000 രൂപ വീതം അനുവദിച്ചിട്ടുള്ളതും പ്രതികൂല കാലാവസ്ഥയെ തുടർന്ന് വായ്പകുടിശ്ശിക തിരിച്ചടയ്ക്കുവാൻ കഴിയാത്തതിനാൽ അംഗങ്ങളുടെമേൽ ജപ്തിനടപടികൾ സ്വീകരിച്ചതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ തൊഴിലുറപ്പ് പദ്ധതികൊണ്ട് മാത്രം ഉപജീവനം കഴിക്കുന്ന കുടുംബശ്രീ അംഗങ്ങളുടെ മേലുള്ള ജപ്തി നടപടികൾ നിറുത്തിവച്ച് കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വളരെ [illegible] ശ്രീ അംഗങ്ങളെ കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കാൻ നടപടികൾ [illegible]മോ?

LIBRARY ARCHIVES Kerala Legislative Assembly